പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3275 — 14/03/2018-ൽ മറുപടിക്ക്

**ഡോക്ടർമാരുടെ നിർബന്ധ സേവന കാലാവധി**

| **ചോദ്യം.** | **മറുപടി** |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും<br>വകുപ്പ മന്ത്രി) |
| (എ) സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും പി.ജി. പൂർത്തിയാക്കിയവരുടെയും പഠനാനന്തരമുള്ള നിർബന്ധ സേവന കാലാവധി കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) 20.02.2018 – ലെ സ.ഉ(എം.എസ്) 30/2018/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബോണ്ടഡ് സർവീസ് 3 (മൂന്ന്) വർഷം എന്നതിൽ നിന്നും ഒരു വർഷമായി ചുരുക്കിയും പോസ്റ്റ് ഗ്രാജ്വേഷൻ ബോണ്ടഡ് സർവീസ് 1 (ഒന്ന്) വർഷം എന്നതിൽ നിന്നും ആറ് (6) മാസമായി ചുരുക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തിയതിനെത്തുടർന്ന് മെഡിക്കൽ വിദ്യാർത്ഥികൾ നടത്തിയ സമരം ഒത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായ കരാറിന്റെ അടിസ്ഥാനത്തിലാണോ അപ്രകാരം സേവന കാലാവധി കുറച്ചതെന്നു അറിയിക്കാമോ; | (ബി) ബോണ്ട് കാലാവധി കുറയ്ക്കണമെന്ന ആവശ്യം മുൻപ് വിദ്യാർത്ഥികൾ ഉന്നയിച്ചതിനെ തുടർന്ന് ടി കാര്യം പരിഗണിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി 01.01.2018 – ൽ യോഗം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനമാണ്. |
| (സി) മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന്, സ്വകാര്യ മെഡിക്കൽ കോളേജിൽ നിന്നുള്ള ഡോക്ടർമാരെ സീനിയർ റെസിഡന്റുമാരായി നിയമിക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്നു വെളിപ്പെടുത്തുമോ? | (സി) സർക്കാർ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന് സീനിയർ റസിഡന്റുമാരുടെ സേവനം അനിവാര്യമായതിനാൽ സർക്കാരിതര മേഖലകളിൽ നിന്നും സീനിയർ റസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച് 20.02.2018 – ലെ സ.ഉ(എം.എസ്) 30/2018/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിതര മേഖലകളിൽ നിന്നും ആവശ്യമായ സീനിയർ റസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാകുന്ന പക്ഷം നിർബന്ധിത ബോണ്ടഡ് സർവീസ് ഒഴിവാക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്നും ആവശ്യമായ എണ്ണം സീനിയർ റസിഡന്റുമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പോസ്റ്റ് ഗ്രാജ്വേഷൻ കാലം(ഡിപ്ലോമ/ഡിഗ്രി) കഴിഞ്ഞുള്ള നിർബന്ധിത ബോണ്ടഡ് സർവീസ് നിലനിർത്തുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ